"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

വനം വന്യജീവി വകുപ്പ് - കോവിഡ് 19 - രണ്ടാം തരംഗം- ലോക് ഡൗൺ-ലേലം കൊണ്ട തടി നിശ്ചിത സമയപരിധിക്കുള്ളിൽ നീക്കം ചെയ്യൽ-സമയ പരിധിയിൽ ഇളവ് നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

വനം വന്യജീവി(ബി) വകുപ്പ്

സ.ഉ.(കൈ) നം.20/2021/വനം തീയതി,തിരുവനന്തപുരം, 19/10/2021

പരാമർശം:- പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ(ഫോറസ്റ്റ് മാനേജ് മെന്റ്) ന്റെ 07.07.2021,03.09.2021 ലെ പ്രൊ (4)-191046/2021 നമ്പർ കത്തുകൾ.

ഉത്തരവ്

കോവിഡ് 19 - രണ്ടാം തരംഗവുമായി ബന്ധപ്പെട്ട് ഏർപ്പെടുത്തിയ ലോക് ഡൗൺ കാലയളവിൽ തടിലേലവുമായി ബന്ധപ്പെട്ടുള്ള തുക ഒടുക്കലുകൾക്കും തടി നീക്കം ചെയ്യുന്നതിനും ലോക് ഡൗൺ കാലയളവ് ഒഴിവാക്കി നല്കണമെന്ന് ആവശ്യപ്പെട്ട് അപേക്ഷകൾ ലഭിച്ചിരുന്നു. ഇക്കാര്യം സംബന്ധിച്ച് പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ് മാനേജ്മെന്റ്) - സമർപ്പിച്ച റിപ്പോർട്ടിൽ, ലേല നിബന്ധനപ്രകാരം യഥാസമയം തുകയും നിയമാനുസൃത നികുതികളും ഒടുക്കിയവർക്ക് മാത്രം ലേല നിബന്ധനപ്രകാരം തടിനീക്കം ചെയ്യുന്നതിന് അനുവദനീയമായ പരമാവധി 160 ദിവസത്തെ കാലയളവിൽ, രണ്ടാം തരംഗത്തിൽ ലോക് ഡൗൺ കാലയളവ് ആയി കണക്കാക്കാവുന്ന 08.05.2021 മുതൽ 16.06.2021 വരെ, അതായത്, പരമാവധി 4 0 ദിവസം വരെ, അതാത് സ്ഥലങ്ങളിലെ ലോക് ഡൗൺ സാഹചര്യം കണക്കിലെടുത്ത്, തടി നീക്കം ചെയ്യുന്നതിന് കാലയളവ് ദീർഘിപ്പിച്ച് നൽകുന്നതിനും, ടി ദീർഘിപ്പിച്ച കാലയളവിലെ തറവാടക ഒഴിവാക്കി നൽകുന്നതിനും, ബന്ധപ്പെട്ട ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർക്ക് അനുമതി നൽകാവുന്നതാണെന്നും ശിപാർശ ചെയ്ത് റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി .

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോവിഡ് 19 രണ്ടാം തരംഗവുമായി ബന്ധപ്പെട്ട് ഏർപ്പെടുത്തിയ ലോക്ക് ഡൗൺ കാരണം ലേലംകൊണ്ട തടി യഥാസമയം ലേലതുകയും, നികുതിയും അടച്ചിട്ടും നീക്കം ചെയ്യാൻ കഴിയാത്തവർക്ക് ഉത്തരവ് തീയതി മുതൽ രണ്ടാഴ്ചത്തെ സമയം കൂടി തടി നീക്കം ചെയ്യുന്നതിന് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

Rajesh Kumar Sinha

പ്രിൻസിപ്പൽ സെക്രട്ടറി

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (ഫോറസ്റ്റ് മാനേജ്മെന്റ്), തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.

ധനകാര്യ വകുപ്പ് (06.08.2021 ലെ അഗ്രി - എ2/61/2021-ധന പ്രകാരം).

പൊതുഭരണ(എസ്.സി) വകുപ്പ് (13/10/2021-ലെ ഇനം നമ്പർ ........ പ്രകാരം)
വെബ് & ന്യൂ മീഡിയ( വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി).
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by Chithra G S
Date: 20-10-2021 10:42:38
Reason: Approved

സെക്ഷൻ ഓഫീസർ

പകർപ്പ്- 1) മുഖ്യമന്ത്രിയുടെ ഓഫീസിന്
2) വനം വന്യജീവി വകുപ്പ് മന്ത്രിയുടെ പി.എസിന്
3) വനം വന്യജീവി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**തീയതി : 13-10-2021** 5536658

ഫയൽ നം. 101/ബി2/2021/വനം. ഇനം നം: 318

വിഷയം : വനം-വന്യജീവി വകുപ്പ് - കോവിഡ് 19 രണ്ടാം തരംഗവുമായി ബന്ധപ്പെട്ട് ഏർപ്പെടുത്തിയ ലോക്ഡൗൺ കാരണം, ലേലം കൊണ്ട തടി നിശ്ചിത സമയപരിധിയ്ക്കുള്ളിൽ നീക്കം ചെയ്യാൻ കഴിയാത്ത വർക്ക് ഇളവ് അനുവദിച്ച് നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, വനം-വന്യജീവി വകുപ്പ്.

318

**കേരള സർക്കാർ**

**(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)**

**മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്**

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | 101/ബി2/2021/വനം |
| 2 | വകുപ്പ് | വനം വന്യജീവി (ബി) വകുപ്പ് |
| 3 | വിഷയം | കോവിഡ് 19 -രണ്ടാം തരംഗവുമായി ബന്ധപ്പെട്ട് ഏർപ്പെടുത്തിയ ലോക് ഡൗൺ കാരണം, ലേലം കൊണ്ട തടി നിശ്ചിത സമയപരിധിക്കുള്ളിൽ നീക്കം ചെയ്യാൻ കഴിയാത്തവർക്ക് ഇളവ് അനുവദിച്ച് നൽകുന്നത് -സംബന്ധിച്ച് |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 25/09/2021 |
| 5 | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ;<br>(ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട്.<br>ഉണ്ട്. |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഇല്ല. |
| 7 | കുറിപ്പ് സമർപ്പിച്ച ഡെപ്യൂട്ടി സെക്രട്ടറിയുടെ പേര് | ശ്രീ. ജയറാംകുമാർ.ആർ |
| 8 | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | ശ്രീ.രാജേഷ് കുമാർ സിൻഹ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | 06/10/2021 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ.വി.പി.ജോയ് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 11/10/2021 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ.എ.കെ.ശശീന്ദ്രൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 12/10/2021. |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 12/10/2021 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | |

മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

കോവിഡ് 19 - രണ്ടാം തരംഗവുമായി ബന്ധപ്പെട്ട് ഏർപ്പെടുത്തിയ ലോക് ഡൗൺ കാരണം, വനം വകുപ്പിൽ നിന്നും ലേലം കൊണ്ട തടി നിശ്ചിത സമയപരിധിക്കുള്ളിൽ നീക്കം ചെയ്യാൻ കഴിയാത്തവർക്ക് ഇളവ് നല്കുന്ന വിഷയമാണ് ഈ കുറിപ്പിൽ പ്രതിപാദിക്കുന്നത്.

2) കോവിഡ് 19 - രണ്ടാം തരംഗവുമായി ബന്ധപ്പെട്ട് ഏർപ്പെടുത്തിയ ലോക് ഡൗൺ കാലയളവിൽ തടിലേലവുമായി ബന്ധപ്പെട്ടുള്ള തുക ഒടുക്കലുകൾക്കും തടി നീക്കം ചെയ്യുന്നതിനും ലോക് ഡൗൺ കാലയളവ് ഒഴിവാക്കി നല്കണമെന്ന് ആവശ്യപ്പെട്ട് അപേക്ഷകൾ ലഭിച്ചിരുന്നു. ഇക്കാര്യം സംബന്ധിച്ച് പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺ സർവേറ്റർ (FM)- സമർപ്പിച്ച റിപ്പോർട്ടിൽ, ലേല നിബന്ധനപ്രകാരം യഥാസമയം തുകയും നിയമാനുസൃത നികുതികളും ഒടുക്കിയവർക്ക് മാത്രം ലേല നിബന്ധനപ്രകാരം തടിനീക്കം ചെയ്യുന്നതിന് അനുവദനീയമായ പരമാവധി 160 ദിവസത്തെ കാലയളവിൽ, രണ്ടാം തരംഗത്തിൽ ലോക് ഡൗൺ കാലയളവ് ആയി കണക്കാക്കാവുന്ന 08.05.2021 മുതൽ 16.06.2021 വരെ, അതായത്, പരമാവധി 40 ദിവസം വരെ, അതാത് സ്ഥലങ്ങളിലെ ലോക് ഡൗൺ സാഹചര്യം കണക്കിലെടുത്ത്, തടി നീക്കം ചെയ്യുന്നതിന് കാലയളവ് ദീർഘിപ്പിച്ച് നൽകുന്നതിനും, ടി ദീർഘിപ്പിച്ച കാലയളവിലെ തറവാടക ഒഴിവാക്കി നൽകുന്നതിനും, ബന്ധപ്പെട്ട ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർക്ക് അനുമതി നൽകാവുന്നതാണെന്നും ശിപാർശ ചെയ്ത റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി .

3) പിസിസിഎഫിന്റെ ശിപാർശയിന്മേൽ ഫയൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം താഴെപ്പറയും പ്രകാരമായിരുന്നു

" ഭൂരിപക്ഷം ലേലക്കാരും പണമടച്ച് തടി നീക്കം ചെയ്തിട്ടുള്ളതിനാൽ വളരെ കുറച്ച് പേരുടെ ആവശ്യപ്രകാരം തടി നീക്കം ചെയ്യുന്നതിന് കാലയളവ് ദീർഘിപ്പിച്ച് നൽകുന്നതിനും ടി ദീർഘിപ്പിച്ച കാലയളവിലെ തറവാടക ഒഴിവാക്കി നൽകുന്നതിനും അനുമതി നൽകേണ്ട ആവശ്യകതയുള്ളതായി കാണുന്നില്ലായെന്ന് ഭരണ വകുപ്പിനെ അറിയിക്കുന്നതോടൊപ്പം ഭരണവകുപ്പ് ഈ

കേസിൽ പ്രത്യേകിച്ചുള്ള അഭിപ്രായം രേഖപ്പെടുത്താതെ ഉചിതതലത്തിലല്ല ഫയൽ ലഭ്യമാക്കിയിട്ടുള്ളതെന്നും അറിയിക്കുന്നു ."

4) ധനകാര്യ വകുപ്പിന്റെ അഭിപ്രായം സഹിതം ഫയൽ ബഹു. വനംവകുപ്പ് മന്ത്രിയ്ക്ക് സമർപ്പിച്ചപ്പോൾ, ലേലം സംബന്ധിച്ച്, അനുവദനീയമായ പരമാവധി 160 ദിവസത്തെ കാലയളവിൽ, രണ്ടാം തരംഗത്തിൽ വിവിധ സ്ഥലങ്ങളിൽ വിവിധ തരത്തിലുള്ള ലോക് ഡൗൺ നിവിലുള്ളതിനാൽ ലോക്ക് ഡൗൺ കാലയളവ് ആയി കണക്കാക്കാവുന്ന 08.05.2021 മുതൽ 31.07.2021 വരെ പരമാവധി 116 ദിവസം വരെ തറവാടകയും പിഴയും ഒഴിവാക്കി ലേലതുകയും നികുതിയും യഥാസമയം ഒടുക്കിയവർക്ക് തടി നീക്കം ചെയ്യുന്നതിന് കാലയളവ് ദീർഘിപ്പിച്ച് നൽകാമോ എന്ന വിഷയം മന്ത്രിസഭയുടെ പരിഗണനക്ക് കൊണ്ട് വരുന്നതിനുള്ള സർക്കുലേഷൻ നോട്ട്, ഇത്തരത്തിൽ ഇളവ് നൽകുന്നത് മൂലം സർക്കാരിന് ഉണ്ടാകുന്ന സാമ്പത്തിക നഷ്ടം കൂടി സർക്കുലേഷൻ നോട്ടിൽ ഉൾപ്പെടുത്തി സമർപ്പിക്കാൻ ഉത്തരവായി.

5) ഇളവ് നല്കിയാലുണ്ടാകുന്ന സാമ്പത്തിക നഷ്ടം കണക്കാക്കി പിസിസിഎഫ് സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടിൽ, 08/05/2021 മുതൽ 31/07/2021 വരെയുള്ള 85 ദിവസക്കാലയളവിലേക്ക് ഇളവ് അനുവദിച്ചാൽ 52,78,479/- രൂപയും, 08/05/2021 മുതൽ 31/08/2021 വരെയുള്ള 116 ദിവസക്കാലയളവിലേക്ക് ഇളവ് അനുവദിച്ചാൽ 58,50,003/- രൂപയും സാമ്പത്തിക നഷ്ടം ഉണ്ടാകുമെന്ന് അറിയിച്ചിരുന്നു .

6) കോവിഡ് 19 ആയി ബന്ധപ്പെട്ട നിലവിൽ ഉണ്ടായിരുന്ന ലോക്ക് ഡൗൺ കാലയളവും മറ്റു സാഹചര്യങ്ങളും പരിഗണിച്ചു, ലേല തുകയും നികുതിയും യഥാസമയം അടച്ചവർക്കു, ഈ വിഷയത്തിൽ പുറപ്പെടുവിക്കുന്ന സർക്കാർ ഉത്തരവ് തീയതി മുതൽ രണ്ടാഴ്ച സമയം വരെ, വനം വകുപ്പിന്റെ ഡിപ്പോകളിൽ നിന്നും ലേലം കൊണ്ടു തടി നീക്കം ചെയ്യുന്നതിനുള്ള കാലയളവ് ദീർഘിപ്പിച്ചു നൽകാവുന്നതും അതുവരെയുള്ള തറ വാടകയും പിഴയും ഒഴിവാക്കി നൽകാവുന്നതുമാണെന്നും ഇക്കാര്യത്തിൽ ഇതിനകം അടച്ചു കഴിഞ്ഞ യാതൊരു തുകയും റീഫണ്ട് അനുവദിക്കുന്നതല്ലായെന്നും ലേല തുകയും നികുതിയും

യഥാസമയം അടക്കാത്തവർക്കു അവ പലിശ സഹിതവും തറവാടകയും പിഴയും ഉൾപ്പെടെയും അടച്ച തടി നീക്കം ചെയ്യുന്നതിന് ഉത്തരവ് തീയതി മുതൽ രണ്ടാഴ്ച സമയവും അനുവദിക്കാവുന്നതാണെന്ന നിർദേശം മന്ത്രിസഭയുടെ പരിഗണനക്ക് വയ്ക്കാമോ എന്ന ഉത്തരവിനായി ഫയൽ ബഹു. വനം വകുപ്പ് മന്ത്രി മുഖേന ബഹു. മുഖ്യമന്ത്രിയ്ക്ക് സമർപ്പിച്ചപ്പോൾ, ലേലതുകയും നികുതിയും യഥാസമയം അടച്ചവർക്ക് ഉത്തരവ് തീയതിമുതൽ രണ്ടാഴ്ച സമയം തടി നീക്കം ചെയ്യാൻ അനുവദിക്കുന്ന കാര്യം മന്ത്രിസഭയുടെ പരിഗണനക്ക് സമർപ്പിക്കുക എന്ന് ഉത്തരവായി.

## തീരുമാനിക്കേണ്ട വിഷയം

ധനകാര്യ വകുപ്പിന്റെ അഭിപ്രായം മറികടന്ന് കൊണ്ട്, കോവിഡ് 19 രണ്ടാം തരംഗവുമായി ബന്ധപ്പെട്ട് ഏർപ്പെടുത്തിയ ലോക്ക് ഡൗൺ കാരണം ലേലംകൊണ്ട തടി യഥാസമയം ലേലതുകയും, നികുതിയും അടച്ചിട്ടും നീക്കം ചെയ്യാൻ കഴിയാത്തവർക്ക് തടി നീക്കം ചെയ്യാൻ ഇത് സംബന്ധിച്ച ഉത്തരവ് തീയതി മുതൽ രണ്ടാഴ്ചത്തെ സമയം കൂടി അനുവദിക്കാമോ ?

-----------------

GOVERNMENT OF KERALA
(Sri. Pinarayi Vijayan Ministry)
Note for the Council of Ministers

| | | |
|---|---|---|
| 1 | File No. | 101/B2/2021/F&WLD |
| 2 | Department | Forest & Wildlife(B)Department. |
| 3 | Subject | Granting concession to those who could not take away the auctioned timber in the stipulated period due to the second wave of Covid 19 in the State.-reg |
| 4 | Date of Chief Minister's order for placing before the Council. | 25/09/2021 |
| 5 | (i)Does the case involve financial commitments/implications<br>(ii)if the answer to the above is in the affirmative, whether Finance Department has been consulted and their remarks incorporated in the Note for the Council? | Yes<br><br>Yes |
| 6 | Are any other departments concerned with the case and if so, have they been consulted and their remarks incorporated in the Note for the Council? | No |
| 7 | Name of Deputy Secretary who submitted the Draft Note | Sri.Jayaramkumar.R |
| 8 | Name of Principal Secretary who approved the Draft Note. | Sri. Rajesh Kumar Sinha |
| 9 | Date of approval of the Draft Note for the Council by the Principal Secretary Secretary | 06.10.2021 |
| 10 | Name of Chief Secretary who approved the Draft Note | Dr.V.P.Joy |
| 11 | Date of approval of the Draft Note for the Council by the Chief Secretary. | 11.10.2021 |
| 12 | Name of Minister who approved the Draft Note | Sri.A.K Saseendran |
| 13 | Date of approval of the Draft Note for the Council by the Minister | 12.10.2021 |
| 14 | Date of submission of fair copies | 12.10.2021 |
| 15 | Date of decision by the Council of Ministers | |
| 16 | Number and date of the G.O/letter communicating the decision. | |

# NOTE FOR THE COUNCIL OF MINISTERS

This note pertains to giving concession to those buyers who could not take away the auctioned timber from Forest Department in the stipulated period due to the second wave of Covid-19 in the State.

2. Many applications have been received requesting to exempt the lockdown period of second wave of Covid-19 for payment due and for removal of timber in the case of auction of timber. Considering the request, the PCCF (FM) submitted a report recommending that the concerned DFOs may be given permission to allow those who paid the auctioned amount and the taxes within the stipulated time, an extension of 40 days by waiving the ground rent for that period to remove the timber which is to be removed within 160 days as per the condition laid in the timber auction, considering the lockdown period of 40 days in the State from 08.05.2021 to 16.06.2021.

3. The file was sent to Finance Department with the above recommendation of PCCF and the FD remarked as follows :

" ഭൂരിപക്ഷം ലേലക്കാരും പണമടച്ച് തടി നീക്കം ചെയ്തിട്ടുള്ളതിനാൽ വളരെ കുറച്ച് പേരുടെ ആവശ്യപ്രകാരം തടി നീക്കം ചെയ്യുന്നതിന് കാലയളവ് ദീർഘിപ്പിച്ച് നൽകുന്നതിനും ടി ദീർഘിപ്പിച്ച കാലയളവിലെ തറവാടക ഒഴിവാക്കി നൽകുന്നതിനും അനുമതി നൽകേണ്ട ആവശ്യകതയുള്ളതായി കാണുന്നില്ലായെന്ന് ഭരണ വകുപ്പിനെ അറിയിക്കുന്നതോടൊപ്പം ഭരണവകുപ്പ് ഈ കേസിൽ പ്രത്യേകിച്ചുള്ള അഭിപ്രായം രേഖപ്പെടുത്താതെ ഉചിതതലത്തിലല്ല ഫയൽ ലഭ്യമാക്കിയിട്ടുള്ളതെന്നും അറിയിക്കുന്നു".

4. When the file was circulated to Hon'ble Minister with the above remarks of FD, it was ordered to submit a circulation note in order to take orders to place the matter before the Council of Ministers incorporating whether a concession of 116 days with exemption in the ground rent and penalties may be given to those who paid the auction amount and the taxes within the time limit as the lockdown period was different in various parts of the state from 08.05.2021 to 31.05.2021 in addition to the maximum period of 160 days of timber auction. It was also ordered

to incorporate the details of possible financial loss to Government if this concession is given.

5. The PCCF submitted a report assessing the financial loss and it has been estimated as Rs.52,78,479 if the concession is given for 85 days from 08.05.2021 to 31.07.2021 and Rs.58,50,003 if concession is given for 116 days from 08.05.2021 to 31.08.2021 .

6. Considering the lockdown period and other related exigencies due to Covid-19, for those who paid auctioned amount and the taxes within the stipulated time, two weeks time may be given from the date of issue of the Government Order in this regard by exempting the ground tax and the penalty, provided no refund of the already paid amount will be entertained. And, those who have not paid the auctioned amount and the taxes may be given two weeks time from the date of issue of the Government Order in this regard for paying all the amount due with interest. With these suggestions the file was circulated to Hon'ble Chief Minister through Hon'ble Minister, Forest and Wildlife. It was ordered to place the matter of allowing to remove timber within two weeks from the date of issue of the Government Order in this regard for those who have paid all the auctioned amount and taxes within the stipulated time.

## POINT FOR DECISION

Overruling the advice of Finance Department,whether two weeks time may be given to remove the auctioned timber, to those who could not remove the auctioned timber having paid the required amount and tax within the stipulated time due to the lockdown relating to the second wave of Covid-19, from the date of issue of Government order in this regard .

---------------------